**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1894** | **29-09-2025 - ൽ മറുപടിയ്ക്ക്**

**റോഡ് സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാഠ്യപദ്ധതിയിൽ റോഡ് സേഫ്റ്റി സംബന്ധിച്ച വിഷയം ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനതലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ എസ്.സി.ഇ.ആർ.ടിയാണ് കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത കമ്മിറ്റിയിൽ പോലീസ്, മോട്ടോർ വാഹന വകുപ്പ്, നാറ്റ് പാക്, കേരള റോഡ് സുരക്ഷാ അതോറിറ്റി എന്നീ കാര്യാലയങ്ങളിൽ നിന്നുള്ള വിദഗ്ധരെ കൂടി ഉൾപ്പെടുത്തണമെന്ന് എസ്.സി.ഇ.ആർ.ടി ഡയറക്ടറോട് കേരള റോഡ് സുരക്ഷാ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. എസ്.സി.ഇ.ആർ.ടി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ച് 71 അംഗ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുകയും പോലീസ്, മോട്ടോർ വാഹന വകുപ്പ്, നാറ്റ്പാക് ഉൾപ്പെടെയുള്ള പ്രതിനിധികളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചാണ് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയ്യാറാക്കിയിട്ടുള്ളത്.<br><br>കൂടാതെ റോഡ് സുരക്ഷ, പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് തീരുമാനിച്ചതു പ്രകാരം കേരളത്തിലെ പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കുവേണ്ടി കേരള റോഡ് സുരക്ഷാ അതോറിറ്റിയും എസ്.സി.ഇ.ആർ.ടിയും സംയുക്തമായി സുരക്ഷിതയാത്ര എന്ന കൈപുസ്തകം തയ്യാറാക്കി 22/01/2023-ൽ പ്രകാശനം ചെയ്തിരുന്നു. തുടർന്ന് വിവിധ ശില്പശാലകളിലൂടെ ആയതിൽ ചില ഭേദഗതികളും മാറിയ റോഡ് നിയമങ്ങളും ഉൾപ്പെടുത്തി പരിഷ്കരിക്കുകയുണ്ടായി. |
| (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഹൈവേകൾ ഉൾപ്പെടെയുള്ള പാതകളിലെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | സംസ്ഥാന ഹൈവേകളിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി കെൽട്രോൺ മുഖേന 2023 ൽ 726 AI Camera സ്ഥാപിച്ചിട്ടുണ്ട്. അപകട സാധ്യത കൂടുതലുള്ള ബ്ലാക്ക് സ്പോട്ടുകളിലാണ് ഇവ സ്ഥാപിച്ചിരിക്കുന്നത്. പ്രധാനമായും ഹെൽമെറ്റ് ഇല്ലാത്ത യാത്ര, സീറ്റ് ബെൽറ്റ് ഇല്ലാത്ത യാത്ര, മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള യാത്ര, ഓവർ |

| | | | |
|---|---|---|---|
| | | | സ്പീഡ്, ഇരു ചക്ര വാഹനത്തിൽ ടിപ്പിൾ യാത്ര, സിഗ്നൽ തെറ്റിച്ചുള്ള യാത്ര എന്നിവ ഇതുവഴി പിടികൂടാൻ സാധിക്കുന്നുണ്ട്. കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം 14 ജില്ലകളിലും സജീവമാണ്.<br><br>ജില്ലാ റോഡ് സുരക്ഷാ അതോറിറ്റി വിവിധ സ്റ്റേക്ക്ഹോൾഡിംഗ് വകുപ്പുകൾ മുഖേന ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അനുവാര്യമായ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുകയും ബന്ധപ്പെട്ട വകുപ്പുകൾ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ